➪ *എനിക്ക് ഒന്നു മാത്രമറിയാം, എനിക്ക് ഒന്നും അറിയില്ല എന്ന്* ➪

# സ്നേഹമില്ലാത്ത നശിച്ച സ്കൂളുകൾ...

കുട്ടികളെ ബാഹ്യമായി അക്രമികളും ഹിംസാത്മകരും കള്ളം പറയുന്നവരുമാക്കുകയും ആന്തരികമായി സംഘർഷത്തിലേക്കും വേദനയിലേക്കും നിസ്സഹായതയിലേക്കും വലിച്ചെറിയുകയും ചെയ്യുന്ന സ്കൂളുകൾ യഥാർത്ഥത്തിൽ എന്താകണമെന്ന്

**പി.എൻ. ദാസ്**

**ഒരിക്കൽ** ഒരമ്മ ഗുരു റാബി ബാൽഷേമിന്റെ അടുത്തുവന്നു ചോദിച്ചു. "എന്റെ മകൻ ദൈവത്തിൽ നിന്ന് അകന്നു പോയിരിക്കുന്നു. ഞാനെന്ത് ചെയ്യണം?" ബാൽഷേമിന്റെ മറുപടി ഇതു മാത്രമായിരുന്നു. "അവനെ അതിരറ്റു സ്നേഹിക്കുക."

സന്മാർഗത്തിൽ നിന്ന്, നേരിൽ നിന്ന്, വെളിച്ചത്തിൽ നിന്ന് നിങ്ങളുടെ മകൻ അകന്നുപോകുന്നതിനുള്ള ഒരേയൊരു ചികിത്സ അവനെ അതിരറ്റു സ്നേഹിക്കുക എന്നതുമാത്രമാണ്. അവന്റെ സന്തോഷം നിങ്ങളുടേതിനേക്കാൾ പ്രധാനമായിരിക്കട്ടെ. എല്ലാ പ്രശ്നങ്ങളുടെയും നേരെയുള്ള ഒരാളുടെ സമീപനം ഇതായിരിക്കും. ഇതിലധികം ഫലപ്രദമായി, കലാത്മകമായി, തൃപ്തികരമായി ജീവിതത്തെ ഏകതയിൽ നിർത്താനുതകുന്നതായി മറ്റൊന്നുമില്ല. ഇതൊരു ജീവിതസമീപനമായിരുന്നാൽ ഇതിൽ നിന്ന് എല്ലാം വിരിയും, ഫലിക്കും.

*അമ്മേ ഒരേയൊരു കുഞ്ഞിനെ സ്നേഹിക്കുന്നതു പോലെ ഈ ലോകത്തിലെ മുഴുവൻ ജീവജാലങ്ങളെയും സ്നേഹിക്കുക* - ഗൗതമ ബുദ്ധൻ.

**സ്നേഹിക്കുകയെന്നാൽ അറിയുക എന്നാണർത്ഥം**

സോക്രട്ടീസ് പറഞ്ഞതായി കേട്ടിട്ടുണ്ട്: "എനിക്ക് ചെറുപ്പമായിരുന്നപ്പോൾ 'ഞാൻ അറിഞ്ഞു' എന്ന് ഞാൻ അറിഞ്ഞു. ഞാൻ കൂടുതൽ പക്വതയാർജിച്ചപ്പോൾ 'എനിക്ക് ഒന്നും അറിയില്ല' എന്നു ഞാൻ അറിയാൻ തുടങ്ങി. എനിക്ക് ഒന്നു മാത്രമറിയാം, എനിക്ക് ഒന്നും അറിയില്ല എന്ന്." ഇതു പ്രഖ്യാപിച്ച ദിവസം ഡൽഫി ദേവാലയം അദ്ദേഹത്തെ മഹാജ്ഞാനിയെന്നു വാഴ്ത്തി.

**അറിയില്ല എന്നതാണു മഹത്തായ അറിവ്!**

സോക്രട്ടീസിന്റെ അറിവില്ലായ്മ, എല്ലാമറിഞ്ഞ ഒരാളുടെ അറിവുകൾക്കപ്പുറമാണ് അറിവെന്ന വെളിവാണ്. നമ്മുടേത് ജീവിതത്തിന്റെ സ്ഥൂലയാഥാർത്ഥ്യങ്ങൾക്കപ്പുറത്തുള്ള സൂക്ഷ്മ വെളിച്ചമൊന്നും കാണാത്തതിലെ അജ്ഞതയാണ്. ഇന്നു ലോകത്തു നിലനിൽക്കുന്ന വിദ്യാഭ്യാസം കൊണ്ടു ജീവിതത്തിന്റെ അഗാധതയനുഭവിക്കാൻ ഒരാൾക്കാവുന്നില്ല. അർഥവത്തായ ഒരു ചോദ്യത്തിനു പോലും ഇതുകൊണ്ടുത്തരം കിട്ടുന്നില്ല. നമുക്കറിയില്ല എന്നതാണ് ഇന്നത്തെ

ജീവിതത്തിന്റെ ഒരേയൊരു തത്ത്വശാസ്ത്രം. വിദ്യാഭ്യാസ വൃക്ഷത്തിന് ഇരുകനികളാണ് – സ്നേഹവും ജ്ഞാനവും. വൃക്ഷത്തിന്റെ ഇലകൾ, പൂക്കൾ, കനികൾ എല്ലാം കാണാവുന്നതെത്ര. പക്ഷെ, വേരുകൾ ഭൂമിക്കടിയിലാണ്, അജ്ഞാതമായിടത്ത്, അദൃശ്യമായിടത്ത്. കാണാൻ കഴിയുന്ന വേരുകൾക്കപ്പുറം കാണാനാവാത്ത വേരുകൾ വേറെയും കാണും. വിശ്വജീവിതവുമായി കണ്ണി ചേർക്കപ്പെട്ട ജീവിതത്തിന്റെ കേന്ദ്രം അജ്ഞാതമാണെന്നു മാത്രമല്ല അറിയാനാവാത്തതുമത്രെ. അതിലേക്ക് തലച്ചോറു കൊണ്ട്, സൂത്രങ്ങൾ കൊണ്ട്, മത്സരബുദ്ധി കൊണ്ട്, സാമർത്ഥ്യം കൊണ്ട് ഒരാൾക്കും കടന്നുചെല്ലാനാകില്ല. മൗനം കൊണ്ട്, ഉൾക്കാഴ്ച കൊണ്ട്, ഹൃദയംകൊണ്ട് അവിടേക്ക് എത്തിനോക്കാനാവും.

യഥാർഥത്തിൽ വിദ്യാഭ്യാസമെന്നാൽ 'അറിവിന്റെ അപ്പം സ്നേഹത്തിന്റെ തേനിൽ മുക്കി കഴിക്കുക' എന്നാണ്. ജീവിക്കുകയെന്ന കലയത്രേ മറ്റേതു കലകളേക്കാളുമേറെ ശ്രേഷ്ഠമായ കല. ഒരു കവിതയെഴുതുന്നതിനേക്കാൾ അല്ലെങ്കിൽ, ഒരു ചിത്രം വരയ്ക്കുന്നതിനേക്കാൾ മഹത്തായ കലയാണിത്.





ഈ കല പഠിപ്പിച്ചുതരാൻ ഒരാൾക്കുമാവില്ല. ജീവിതകലയെന്നാൽ ഭയമുക്തമായി, ദുഃഖവിമുക്തമായി, പ്രശ്നരഹിതമായി, സംഘർഷരഹിതമായി ജീവിക്കാൻ പഠിക്കുക എന്നത്രെ.

വിദ്യാഭ്യാസത്തിൽ അതിമാനുഷികതയിലേക്കുള്ള ക്രമമായ ഒരു പരിവർത്തന പ്രക്രിയയുണ്ട്. ചിന്തയ്ക്കു മുമ്പുള്ള അവസ്ഥ (മൃഗീയം), ചിന്തിക്കുന്ന അവസ്ഥ (മാനവീയം), ചിന്തയുടെ അതിരുകൾക്കപ്പുറത്തേക്കു പോകുമ്പോൾ മനുഷ്യന്റെ അവബോധം അതിമാനവീയമാകുന്നു. മൃഗീയതയിൽ നിന്നു മാനവീയതയിലേക്കും അവിടെ നിന്ന് അതിമാനവികതയിലേക്കും വ്യക്തികളെ ഉണർത്താൻ കഴിയുമ്പോൾ വിദ്യാഭ്യാസം പ്രപഞ്ചത്തിലെ മുഴുവൻ ചരാചരങ്ങൾക്കും നേരെയുള്ള സ്നേഹത്തിന്റെ പുതിയൊരവബോധം സൃഷ്ടിക്കുന്നു. അത്തരം ഒരവബോധത്തിൽ സംഘർഷമില്ല, ഭയമില്ല, ഇരുളില്ല.

*ലോകത്തിൽ ഒരു കുട്ടിയെങ്കിലും മനോവേദനയോടെ ജീവിക്കുവോളം നാം വലുതെന്ന് ഘോഷിക്കുന്ന ശാസ്ത്രത്തിന്റെ കണ്ടുപിടിത്തവും പുരോഗതിയും മതാത്മകമായ ഒരു പ്രവർത്തനവും മഹത്തായതല്ല* – ആൽബർട്ട് ഐൻസ്റ്റീൻ.

ശരിയായ വിദ്യാഭ്യാസം ഒരു ജീവിതകാലം മുഴുവൻ പൂർണമായും സംഘർഷമറ്റ ഒരു മനസ്സോടെ ജീവിക്കാൻ സഹായിക്കുന്നതാവണം. യഥാർഥത്തിൽ ഇന്നു നിലവിലുള്ള വിദ്യാഭ്യാസം അത്തരത്തിലുള്ളതാണോ? ഒരാൾക്കു തൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതല്ല ശരിയായ വിദ്യാഭ്യാസം. വിദ്യാഭ്യാസമെന്നത് ഒരധ്യാപകനിൽ നിന്നു കേവലം അറിവ് ശേഖരിച്ചുവയ്ക്കലോ ഒരു പുസ്തകത്തിൽ നിന്നും കണക്കുപഠിക്കലോ രാജാക്കന്മാരെപ്പറ്റിയും മറ്റും ചരിത്രത്തിലെ തിയ്യതികൾ മനഃപാഠമാക്കലോ അല്ല. പരീക്ഷ ജയിക്കലും അല്ല.

വിദ്യാഭ്യാസത്തിന് ഒരറുതിയില്ല. ജീവിതത്തിലുടനീളം, പിറവി മുതൽ മരിക്കുന്ന നിമിഷംവരെ പഠനത്തിന്റെ പ്രക്രിയയുണ്ട്. പഠനത്തിന്റെ സമയരഹിതമായ മൂല്യം അതത്രെ. എന്നാൽ ഒരാൾ പേരിലാണെങ്കിൽ, തന്റെ അയൽക്കാരും സമൂഹവും സംഘർഷത്തിലാണെങ്കിൽ അയാൾക്കു പഠിക്കാനാവില്ല. സംഘർഷമില്ലാത്ത ഒരു മനസ്സിൽ നിന്നു മാത്രമേ സ്വൈരൈക്യത്തോടു കൂടിയ, തന്റെ പോരായ്മകൾക്കും തെറ്റുകൾക്കും നേരെ പോലും ദയയോടു കൂ

ടിയ ഒരവബോധം ഉണ്ടാവുകയുള്ളൂ. ബുദ്ധിക്ക്, സാമർത്ഥ്യത്തിന്, മത്സരത്തിന് തൊഴിലിനു പ്രാധാന്യം കൊടുക്കുന്ന വിദ്യാഭ്യാസ ദർശനത്തിന്റെ ഫലമത്രെ ലോകം മുഴുവൻ ഇന്നു നേരിടുന്ന പ്രതിസന്ധി.

നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നടന്നുവരുന്ന മത്സരങ്ങളെല്ലാം കുട്ടികളെ ബാഹ്യമായി അക്രമികളും ഹിംസാത്മകരും കള്ളത്തരങ്ങളുള്ളവരുമാക്കുകയാണ്; ആന്തരികമായി സംഘർഷത്തിലേക്കും വേദനയിലേക്കും നിസ്സഹായതയിലേക്കും വലിച്ചെറിയുകയാണ്. അതിൽനിന്ന് അവരുടെ സ്വത്വത്തിനേൽക്കുന്ന മുറിവുകൾക്ക് മരുന്നൊന്നും കിട്ടാതെ വരുമ്പോൾ, അപ്പോൾ മാത്രമാണ് ഏറ്റവും ആഹ്ലാദത്തോടെ കൊണ്ടാടേണ്ട തന്റെ കൗമാരപ്രായത്തിൽ തന്നെ, "ഈ കെട്ട ജീവിതമെനിക്ക് വേണ്ടമ്മേ, ഞാൻ പോകുന്നു" എന്നു പറഞ്ഞുകൊണ്ട് ലോകത്തിലെ കുട്ടികൾ ആത്മഹത്യ ചെയ്യാൻ തുടങ്ങിയത്. എഴുപതുകളിൽ എം. മുകുന്ദന്റെ 'അഞ്ചരവയസ്സുള്ള കുട്ടി' (കഥ) ആത്മഹത്യ ചെയ്യുമ്പോൾ അതും മലയാളികൾക്കൊരു ഷോക്കായിരുന്നു. എന്നാൽ ഇന്നെന്താണ് സ്ഥിതി? നമ്മുടെയൊക്കെ സ്കൂളുകളിൽ, വീടുകളിൽ കുട്ടികൾ അനായാസമായി കൂടുവിട്ടു പോകുന്നത് വാർത്തയല്ലാതായിരിക്കുന്നു.

എടവണ്ണ യു.പി.സ്കൂളിലെ അധ്യാപകനും എഴുത്തുകാരനും ഉറ്റമിത്രവുമായ അബ്ദുള്ളക്കുട്ടി മാഷ്, തന്റെ സ്കൂളിലെ ഒരാറാംതരക്കാരൻ സ്കൂളിനടുത്തുള്ള ഒരു പഴയ കെട്ടിടത്തിനുള്ളിൽ, "എന്റെ മാഷ് നല്ലൊരാളാണ്" എന്നെഴുതി വെച്ച് തൂങ്ങിമരിച്ചതിനെപ്പറ്റി കാൽവർഷം മുമ്പെഴുതിയ കത്ത് നമ്മുടെ കാലത്തും കുട്ടികൾ സ്നേഹം കിട്ടാതെ എങ്ങനെ ഈ നശിച്ച ജീവിതത്തിൽ നിന്ന് ഓടിപ്പോകുന്നുവെന്ന് ഓർമിപ്പിക്കുന്നതായിരുന്നു. എന്തോ ഒരു ചെറിയ തെറ്റിന്റെ പേരിൽ സ്കൂളിൽ നിന്നു പുറത്താക്കപ്പെട്ട അവൻ മൂന്നാഴ്ചയിലധികം ക്ലാസ്സിൽ കയറാനാവാതെ സ്കൂളിന്റെ പരിസരങ്ങളിൽ വന്നു നിന്നിരുന്നുവത്രെ. അവനുവേണ്ടി വക്കാലത്തു പറയാൻ വീട്ടിൽ നിന്ന് ആരെങ്കിലുമൊന്നുവരണമെന്നേ മാഷിനുണ്ടായിരുന്നുള്ളു. "നീയല്ലേ തെറ്റുചെയ്തത്? നീ തന്നെയതു പറഞ്ഞാൽ മതി. 'കുറവാ'കാൻ ഞാൻ വരുന്നില്ല" എന്നുപറഞ്ഞ് അച്ഛനും അമ്മയും അവനെ ഉപേക്ഷിക്കുകയായിരുന്നു. തൂങ്ങി മരിക്കുന്ന ദിവസം രാവിലെതന്നെ അവൻ സ്കൂളിലെത്തി, തന്റെ സഹപാഠികളെയൊക്കെ കാണുകയും കുട്ടികളൊക്കെ ഉച്ചഭക്ഷണം കഴിച്ച് കളിതമാശകൾ പറഞ്ഞ് സ്കൂൾമുറ്റത്ത് എല്ലാം മറന്ന് സന്തോഷിക്കുന്നത് വേദനയോടെ ഏറെനേരം നോക്കി നില്ക്കുകയും ചെയ്തു. പിന്നീട് സ്കൂളിനടുത്തുള്ള പരിചയമുള്ള ഒരു കച്ചവടക്കാരനോട് തനിക്കുവേണ്ടി മാഷെയൊന്നു കണ്ടു സംസാരിക്കുമോ എന്നു ചോദിച്ചപ്പോൾ അയാളത് അല്പംപോലും ഗൗനിക്കാതെ അവഗണിക്കുകയുമാണുണ്ടായത്. അങ്ങനെ തനിക്ക് മുന്നിൽ വീടും നാടും സ്കൂളും പൂർണമായി വാതിലടച്ചപ്പോൾ ആ കുട്ടിയനുഭവിച്ച വേദന, തീ നമുക്കു സങ്കല്പിക്കാനാവില്ല.

മരിക്കാൻ പോകുമ്പോൾ പോലും താൻ കാരണം തന്റെ ക്ലാസ് മാഷ്ക്ക് ഒരു ചീത്തപ്പേരു വരാതിരിക്കാനായി, "എന്റെ ക്ലാസ്സ് മാഷ് നല്ലൊരാളാണ്" എന്നെഴുതിവെച്ചതിലെ സ്നേഹം, വെളിച്ചം മുതിർന്നവരായ നമുക്കു കാണാനായില്ലല്ലോ എന്നോർക്കുമ്പോൾ നാമൊക്കെയും നമ്മുടെയുള്ളിൽ എന്തുതരം മരുഭൂമികളാണ് വളർത്തിയിരിക്കുന്നതെന്ന് തിരിച്ചറിയാനാവുന്നു.

ഈ വിദ്യാഭ്യാസ വർഷത്തിൽ എന്റെ സ്കൂളിലെ ഒമ്പതാം ക്ലാസുകാരൻ പ്രബീഷ്, എടവണ്ണ സ്കൂളിലെ കുട്ടി ചെയ്തതു പോലെ സ്കൂളിനടുത്തുള്ള തുറക്കാത്ത ഒരു പീടികയുടെ ചായ്പ്പിൽ തൂങ്ങി മരിക്കുകയുണ്ടായി. തൂങ്ങി മരിക്കത്തക്ക ഒരു പ്രശ്നവും സ്കൂളിലോ വീട്ടിലോ അവനുണ്ടായിരുന്നില്ല. അവന്റെ അച്ഛനുമായും ജ്യേഷ്ഠനുമായും സംസാരിച്ചപ്പോൾ, കുറച്ചുകാലമായി അവൻ ഹൃദ്രോഗ ചികിത്സയിലായിരുന്നുവെന്ന് അറിയാൻ കഴിഞ്ഞു. തുടർച്ചയായി അതിനുള്ള ചികിത്സ നടന്നുവരികയായിരുന്നു. കോട്ടയ്ക്കലിൽ എന്റെ ഒരു സുഹൃത്തിന്റെ വീട്ടിൽ എസ്.എസ്.എൽ.സിക്ക് പഠിക്കുന്ന ഒരു വിദ്യാർഥി പരീക്ഷാഫലം വരും മുമ്പ് ആത്മഹത്യ ചെയ്യുകയുണ്ടായി. 'പേരു'ള്ള ഒരു സ്കൂളിലെ മിടുക്കനായ ആ വിദ്യാർത്ഥി താൻ പ്രതീക്ഷിച്ച മാർക്ക് കിട്ടുമോ എന്ന സംശയം കൊണ്ടാണത്രെ തൂങ്ങി മരിച്ചത്. കഴിഞ്ഞ വർഷമാണ് എന്റെ ക്ലാസിലെ പതിനാലുകാരൻ ആത്മഹത്യക്കൊരുങ്ങിയതിനെപ്പറ്റി അവന്റെ അമ്മ വന്നു സംസാരിച്ചത്. അച്ഛൻ ഗൾഫിൽ ജോലിയെടുക്കുന്നു. വീട്ടിൽ മോശമല്ലാത്ത സാഹചര്യമുള്ള, ക്ലാസിൽ നന്നായി പഠിക്കുന്ന, അതീവ ബുദ്ധിശാലിയായ ആ കുട്ടിയെ അതിനു പ്രേരിപ്പിക്കുന്നതെന്തായിരിക്കുമെന്നെനിക്ക് കണ്ടെത്താനായില്ല. ഒരിക്കലവൻ തൂങ്ങാൻ ഭാവിച്ചത് അമ്മ



കുട്ടികൾ ഉള്ളിൽ വഹിക്കുന്ന തീ, നാം മുതിർന്നവർക്ക് മനസ്സിലാക്കാനാവുന്നതിനും അപ്പുറത്താണെന്നും അതിനൊരു പ്രതിവിധി, ശുശ്രൂഷ ഉണ്ടാവുന്നില്ലെങ്കിൽ അടുത്ത ദശകത്തിൽ കേരളത്തെ നടുക്കുന്ന തരത്തിൽ കുട്ടികളുടെ ആത്മഹത്യാനിരക്ക് കൂടുമെന്നും ഭയപ്പെടേണ്ടിയിരിക്കുന്നു.

കണ്ടതുകൊണ്ടു രക്ഷപ്പെട്ടു. ഒടുവിലവൻ എലിവിഷം വെള്ളത്തിൽ കലക്കി കുടിച്ചുകൊണ്ടിരിക്കെ കണ്ടുപിടിക്കപ്പെട്ട്, ഉടൻ ആശുപത്രിയിലെത്തിച്ചതു കൊണ്ട് മരണത്തിൽനിന്നു രക്ഷപ്പെടുകയാണുണ്ടായത്.

ദാരിദ്ര്യവും ദുരിതവും ഉണ്ടായിരുന്ന കാലത്തൊന്നും കേരളത്തിലെ ഒരു കുട്ടിയും ഇതുപോലെ ആത്മഹത്യ ചെയ്തിട്ടില്ല. ലോകമെങ്ങുമുള്ള ആദിവാസി-ഗോത്ര വർഗങ്ങൾക്കിടയിൽ ഇന്നുവരെ ഒരൊറ്റക്കുട്ടിയും ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്യുകയുണ്ടായിട്ടില്ലെന്നാണ് നരവംശ ശാസ്ത്രജ്ഞന്മാർ സാക്ഷ്യപ്പെടുത്തുന്നത്. സമൃദ്ധിയുടെ നടുവിലിരുന്നാണ് അമേരിക്കയിലെ യുവജനങ്ങൾ ആത്മഹത്യ ചെയ്യുന്നത്. സ്വന്തമായി ഒരു ജീവിതമുള്ളതുകൊണ്ടാണ് ആളുകൾ ആത്മഹത്യ ചെയ്യുന്നത്. ദരിദ്രന് ഒരു ജീവിതമില്ല, അതുകൊണ്ടാണവൻ ആത്മഹത്യ ചെയ്യാത്തത്.

കുട്ടികൾ ഉള്ളിൽ വഹിക്കുന്ന തീ, നാം മുതിർന്നവർക്കു മനസ്സിലാക്കാനാവുന്നതിനപ്പുറത്താണെന്നും അതിനൊരു പ്രതിവിധി, ശുശ്രൂഷ ഉണ്ടാവുന്നില്ലെങ്കിൽ അടുത്ത ദശകത്തിൽ കേരളത്തെ നടുക്കുന്ന തരത്തിൽ കുട്ടികളുടെ ആത്മഹത്യാനിരക്ക് കൂടുമെന്നും ഭയപ്പെടേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങളിൽ നിന്നും പേടിച്ചോടുന്നതിനു പകരം അവയെ യാഥാർഥ്യബോധത്തോടെ കാണാനും പരിഹരിക്കാനുമുള്ള 'പോസിറ്റീവായ' ഒരു മനസ്സാണ് കുട്ടികളിൽ വളർത്തിയെടുക്കേണ്ടത്. "ഒരാളെന്തു ചിന്തിക്കുന്നുവോ, ഒടുക്കം അയാളതാവുന്നു." കുട്ടികളുടെ മനസ്സിൽ 'നെഗറ്റീവാ'യുണ്ടാകുന്ന ചിന്തകൾക്ക് പകരം 'പോസിറ്റീവായ' ചിന്തകൾ വളർത്തിയെടുക്കാനാവും. ആഴ്ചയിൽ ഒരു പിരീഡെങ്കിലും, കുട്ടികളുടെ മനസ്സിനെ സാന്ത്വനിപ്പിക്കാനുതകുന്ന തരത്തിൽ, ജീവിതത്തിന്റെ അഗാധത കുട്ടിയുടെ നിലയിൽ മനസ്സിലാക്കാനുതകുന്ന തരത്തിൽ കുട്ടികൾക്കു ക്ലാസുണ്ടായിരിക്കണം.

"ഒരു മനുഷ്യനെ ചന്ദ്രനിലേക്കയക്കുന്നത് നമ്മുടെ പബ്ലിക് സ്കൂളുകളിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനേക്കാളും എളുപ്പമായിരിക്കും" എന്ന് ബി. എഫ്. സ്കിന്നർ എഴുതുകയുണ്ടായി. അദ്ദേഹം ഇന്നാണ് ജീവിച്ചിരുന്നതെങ്കിൽ, ഒരു പുതിയ ലോകയുദ്ധം നടത്തുന്നത് നമ്മുടെ കുട്ടികളെ സ്വാസ്ഥ്യത്തോടെ, ആത്മഹത്യാ പ്രവണതയില്ലാതെ വളർത്താൻ സഹായിക്കുന്നതിനേക്കാൾ എളുപ്പമായിരിക്കും എന്ന് പറയുമായിരുന്നു. ലോകത്തിലെ വിദ്യാഭ്യാസ വൃക്ഷം ഉണങ്ങി. ഉണങ്ങിയ ഒരു വൃക്ഷം എത്രയും വേഗം മുറിച്ചു നീക്കുകയാണു വേണ്ടത്. അതു നിർവഹിക്കാനുള്ള ജ്ഞാനം പോലുമില്ലാത്തതുകൊണ്ടത്രേ ലോകമെങ്ങും പൂതലിച്ചു വീഴാറായ വിദ്യാഭ്യാസ വൃക്ഷത്തെ അതുപോലെ ഉറപ്പിച്ചുനിർത്താനുള്ള സഹതാപാർഹമായ ഉദ്യമങ്ങൾ നടക്കുന്നത്.

ഭൂമിയോട്, പ്രകൃതിയോട്, മനുഷ്യരാശിയോടാകെ ഒരുത്തരവാദിത്തബോധം ഉണ്ടാക്കിയെടുക്കാനാവുന്ന വെളിച്ചം വിദ്യാഭ്യാസത്തിലൂടെ പകരാനാവണം. അതു സാധ്യമാക്കാൻ ജീവിതത്തിന്റെ സമസ്ത സാഹചര്യങ്ങളേയും "ഒന്നും തിരഞ്ഞെടുക്കാത്ത" ഒരവബോധത്തോടെ ഒരാൾ ശ്രദ്ധിക്കണം, കാണണം, അറിയണം. സുഖം മതി; ദുഃഖം വേണ്ട, ജയം നല്ലത്; തോൽവി ചീത്ത, രോഗം

ചീത്ത; ആരോഗ്യം നല്ലത്, ധനം ഉത്തമം; ദാരിദ്ര്യം അധമം, യൗവനം നല്ലത്; വാർധക്യം മോശം, ജീവിതം നല്ലത്; മരണം തീയത് എന്നിങ്ങനെ ജീവിതത്തിന്റെ ദ്വന്ദ്വാത്മക യാഥാർഥ്യത്തിനു നേരെ, സമഗ്രജീവിതത്തിനു നേരെ പക്ഷപാതം കാട്ടുന്ന ദ്വന്ദ്വങ്ങളിൽ സുഖകരമായതിനെ മാത്രം തിരഞ്ഞെടുക്കുന്ന രീതിയാണിന്നു ലോകത്തു പ്രബലമായുള്ളത്. ഇതു മാറണം. പകരം ശ്രദ്ധ, ഒന്നും തിരഞ്ഞെടുക്കാത്ത അവബോധം, ഏകാഗ്രത ഉൾക്കാഴ്ച ഉണ്ടാകണം. ജീവിതം വിപരീതങ്ങളിലൂടെ ചലിക്കുന്നു, നദി എതിരായി നിൽക്കുന്ന രണ്ടു കരകളിലൂടെയൊഴുകുന്നതുപോലെ. എതിരായ കരകളാണു നദിയെ അവക്കിടയിലൂടെ ഒഴുകാനനുവദിക്കുന്നത്. കുട്ടികളെ ഈ ഒരവബോധത്തിലേക്കുയർത്താൻ വിദ്യാഭ്യാസം കൊണ്ടു സാധിക്കണം. മനുഷ്യൻ സംഘട്ടനത്തിൽ, കൊലയിൽ, ഒരാഗോളമായ ആത്മഹത്യക്ക് ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത് ഒരതിശയമല്ല. എന്തെന്നാൽ ലോകത്തെങ്ങും പുലർന്നുവരുന്ന തെറ്റായ വിദ്യാഭ്യാസമാണു മനുഷ്യവംശത്തെ ഈയൊരു പതനത്തിലെത്തിച്ചത്. സ്കൂൾ മാത്രമല്ല, സ്കൂളിനു മുമ്പ് വീടും അമ്പലവും ആശുപത്രിയും സ്നേഹമില്ലാത്ത ഇടങ്ങളായിരിക്കുന്നുവെന്നാണ് നമ്മുടെ കാലം ഓർമ്മിപ്പിക്കുന്നത്. വീടുകൾ, വിട്ടുപോകേണ്ട ഒരിടമാണെന്ന് ഗൗതമബുദ്ധൻ 2500 വർഷങ്ങൾക്കു മുമ്പ് പ്രഖ്യാപിച്ചു. അതുകൊണ്ട് ഭൂമിയിലിനി സന്തുഷ്ടമായൊരു ജീവിതത്തിന് സ്കൂൾ മുക്തമായ ഒരു നവ വിദ്യാഭ്യാസം ഉണ്ടാവണം.

കേരളീയ സാഹചര്യത്തിൽ കാൽ നൂറ്റാണ്ടിലേറെയായി ഒരു ബദൽ സമൂഹത്തിന്റെ നിർമിതിക്കായി ഏകാന്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'അയൽക്കൂട്ട' പ്രസ്ഥാനത്തിന്റെ ആചാര്യനും 'ദർശന'ത്തിന്റെ പത്രാധിപരും യഥാർഥ ഗാന്ധിയനുമായ ഡി. പങ്കജാക്ഷക്കുറുപ്പുമായി ഒടുവിൽ കണ്ടുമുട്ടിയപ്പോൾ പല വിഷയങ്ങളെപ്പറ്റിയും സംസാരിക്കുകയുണ്ടായി. പ്രസക്തമായ ഒന്നു രണ്ടു ഭാഗങ്ങൾ ഇവിടെ പകർത്തുകയാണ്. കുറുപ്പുസാർ ഒരു യു.പി സ്കൂളിലെ പ്രധാനാധ്യാപകനായിരിക്കെ സ്പോർട്സ് ഡേ അടുത്തെത്തപ്പോൾ ഓട്ടത്തിൽ പേരു കൊടുത്തവരെയെല്ലാം വിളിപ്പിച്ചു.

'എ' എന്ന കുട്ടിയോട്: "മോനെന്താ ഓടാത്തത്?"

"സുഖമില്ലാഞ്ഞിട്ട്"

"നീ ഓടണം"

'ബി' യോട്: "നീയോ?"

"ഞാൻ ജയിക്കില്ല സാറേ, പിന്നെ എന്തിനോടണം?"

"നീ ഓടണം. ജയിക്കാനല്ല, സന്തോഷിക്കാനാണ് ഓടുന്നത്. എല്ലാവരും ഓടുന്നത് എത്ര സുന്ദരമായ ഒരു കാഴ്ചയാണ്!" അതു പറയുമ്പോൾ ആ കണ്ണുകളിലുണ്ടായിരുന്ന തിളക്കം, സ്നേഹം ഓർമയിലുണ്ട്. മാഷ് തുടർന്നു പറഞ്ഞു: "പി.ടി.ഉഷയ്ക്ക് ഓടുമ്പോൾ സന്തോഷമുണ്ടായിരിക്കില്ല. എല്ലാവരെയും തോൽപ്പിക്കാനായോടുമ്പോൾ അവിടെ സന്തോഷമല്ല ഉണ്ടാവുന്നത്. മാത്സര്യത്തിന്റെ ശത്രുതയാണ്. യുവജനോത്സവ മത്സരങ്ങളിൽ വിജയികളായവരിൽ 90 ശതമാനം പേരും പിൽക്കാലത്ത് അതിൽ തുടരുന്നില്ല. ഇവരെല്ലാം രക്ഷാകർത്താക്കളുടെ മാത്സര്യദാഹത്തിന്റെ, പണത്തിന്റെ, പരിശീലനത്തിന്റെ ഫലമായി സമ്മാനം നേടുന്നവരാണ്. യുവജനോത്സവ രീതി ഇന്നു ക്രിമിനലാണ്; ഇതു മാറണം."

ദസ്തയെവ്സ്കിയുടെ ഒരു നോവലിൽ ഒരു പ്രഭുമന്ദിരത്തിൽ ഗംഭീര സദ്യ നടന്നുകൊണ്ടിരിക്കെ കുറേ തെണ്ടിക്കുട്ടികൾ അവിടേക്കോടിയെത്തുകയും അതുപോലെത്തന്നെ അവർ അടിച്ചോടിക്കപ്പെടുകയും ചെയ്ത ഒരു രംഗത്തിന്റെ വർണനയുണ്ട്. ഒരുകൂട്ടം മനുഷ്യരവിടെ തിന്നും കുടിച്ചും മദിക്കുമ്പോൾ, വിശപ്പിന് ഒരു കഷ്ണം റൊട്ടിപോലും കൊടുക്കാതെ അവരെ ആട്ടിയോടിച്ചപ്പോൾ ആ കുട്ടികൾ തൂകിയ കണ്ണീർക്കണങ്ങൾക്ക്, അതിന്റെ വേദനയ്ക്കും ക്രോധത്തിനും ആ കൊട്ടാരങ്ങളെയൊക്കെ കത്തിച്ചു കളയാനുള്ള താപമുണ്ട്. ഇത്തരമൊരു നിമിഷത്തെ വിക്റ്റർ ഹ്യൂഗോ വേറൊരു തരത്തിൽ കാണുന്നുണ്ട്. ഈ ലോകത്തിലെന്നെ ഏറെ വേദനിപ്പിക്കുന്ന ഒന്നുണ്ട്. വിശന്ന കുട്ടി മരിച്ചു കിടക്കുമ്പോഴുള്ള ആ മുഖത്തിന്റെ ശൂന്യത. ഇതിലുമധികം എന്നെ വേദനിപ്പിക്കുന്ന എന്തെങ്കിലുമുണ്ടോ എന്നാണെങ്കിൽ, ഉണ്ട്- അറിവു, കിട്ടാതെ, സ്നേഹം കിട്ടാതെ മരിച്ചു പോകുന്ന ഒരു കുട്ടിയുടെ മുഖത്തുള്ള ശൂന്യത!

സ്കൂൾ കാരണം, പിഴച്ച വിദ്യാഭ്യാസം കാരണം ആത്മഹത്യ ചെയ്ത കുട്ടികളുടെ വ്യഥിതമായ ആത്മാവുകളുമായി ആർക്കെങ്കിലും ഒരഭിമുഖം നടത്താൻ കഴിഞ്ഞാൽ അവരൊക്കെയും ഏകകണ്ഠമായി പറഞ്ഞേക്കാം: "നിങ്ങളുടെ സ്നേഹമില്ലാത്ത, ഈ നശിച്ച സ്കൂളാണ് എന്റെ ജീവിതം കെടുത്തിയത്. ഇതു പൊളിച്ചു നീക്കൂ..." ■